# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 581 — 28/09/2011-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്ന സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ നിലവിലുണ്ടോ; ഏത് സ്ഥാപനം മുഖേനയാണ് മരുന്നു വാങ്ങാൻ ചുമതലപ്പെടുത്തി യിരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് മരുന്നു വാങ്ങാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ ആശുപത്രികൾക്ക് ഗുണമേന്മയുള്ള മരുന്നുകൾ മിതമായ വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ സ്ഥാപിതമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനം 01/11/2007 ലെ ജി.ഒ.(പി) നമ്പർ 448/2007/ആ.കു.വ ഉത്തരവ് പ്രകാരം രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ ആവശ്യത്തിനായി ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളുമാണ് ഇപ്പോൾ സംഭരിച്ച് വിതരണം നടത്തിവരുന്നത്. |
| (ബി) പ്രസ്തുത സ്ഥാപനം മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപയുടെ മരുന്നുകളും മറ്റ് സാമഗ്രികളുമാണ് വാങ്ങിയിട്ടുള്ള തെന്ന് വിശദമാക്കുമോ; | (ബി) | 2008-09 സാമ്പത്തിക വർഷം മുതലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യാൻ ആരംഭിച്ചത്. മുൻ മൂന്ന് വർഷങ്ങളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന |

മരുന്നുകളും ആശുപത്രി ഉപകരണങ്ങളും വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2008-09 കോടി രൂപ | 2009-10 കോടി രൂപ | 2010-11 കോടി രൂപ |
|---|---|---|---|
| മരുന്നുകളും ചികിത്സാ സാമഗ്രികളും | 125.96 | 149.41 | 156.42 |
| ആശുപത്രി ഉപകരണങ്ങൾ | ഇല്ല | 34.49 | 11.99 |

(സി) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകൾ വൻതോതിൽ വാങ്ങിയത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

(ഡി) ബാധകമല്ല

സെക്ഷൻ ഓഫീസർ